# കേരള സർവകലാശാല

നം.പി.ആർ.199/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി മൂല്യനിർണ്ണയ ക്യാമ്പ് : തീയതി നീട്ടി

കേരള സർവകലാശാല ഒക്ടോബർ 18-ന് തുടങ്ങിയ രണ്ട്, നാല് സെമസ്റ്ററുകളുടെ ബി.എ, ബി.എസ്‌സി, ബി.കോം കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ ഒക്ടോബർ 28 വരെ ദീർഘിപ്പിച്ചു. എല്ലാ അദ്ധ്യാപകരും അതത് ക്യാമ്പുകളിൽ തുടരേണ്ടതാണ്. അഞ്ചാം സെമസ്റ്റർ പരീക്ഷകൾ നവംബർ 29-ന് തുടങ്ങും.

### ത്രിദിന അന്താരാഷ്ട്ര സെമിനാർ

കേരള സർവകലാശാല ഇക്കണോമിക്സ് പഠനവകുപ്പും ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സും സംയുക്തമായി ഉന്നതവിദ്യാഭ്യാസം - പ്രശ്നങ്ങൾ, നയങ്ങൾ, കാഴ്ചപ്പാടുകൾ എന്ന വിഷയത്തിൽ നടത്തിയ ത്രിദിന അന്താരാഷ്ട്ര സെമിനാർ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് എഡ്യൂക്കേഷണൽ പ്ലാനിംഗ് ആൻഡ് അഡ്മിനിസ്ട്രേഷൻ വൈസ് ചാൻസലർ പ്രൊഫ. ജന്ധ്യാല ബി.ജി തിലക് ഉദ്ഘാടനം ചെയ്യുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. കേരള സർവകലാശാല പ്രോ-വൈസ് ചാൻസലർ ഡോ. എൻ. വീരമണികണ്ഠൻ ആദ്ധ്യക്ഷം വഹിച്ച യോഗത്തിൽ ഐ.യു.സി.എ.ഇ ഡയറക്ടറും ഇക്കണോമിക്സ് വകുപ്പ് മേധാവിയുമായ പ്രൊഫ. അബ്ദുൾ സലിം, ഡോ. അച്യുത് ശങ്കർ എസ്.നായർ, ഡോ. മഞ്ചു എസ്.നായർ തുടങ്ങിയവർ പങ്കെടുത്തു.

### എം.ഫിൽ വൈവ

കേരള സർവകലാശാല കാര്യവട്ടം സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിലെ എം.ഫിൽ (2015-16 ബാച്ച്) വൈവ നവംബർ ഒന്നിനും, ജിയോളജി പഠനവകുപ്പിലെ വൈവ നവംബർ നാലിനും, യൂണിവേഴ്സിറ്റി കോളേജിലെ കെമിസ്ട്രി പഠനവകുപ്പിലെ വൈവ നവംബർ 21-നും നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഡമോഗ്രഫി ഫലം : വിദ്യ ഒന്നാം റാങ്ക് നേടി

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എം.എസ്‌സി ഡമോഗ്രഫി (സി.എസ്.എസ് - 2014-16 ബാച്ച്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിദ്യ വി (രജി.നം. DEM 140506) ഒന്നാം റാങ്ക് നേടി.

### എം.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ഫലം : മീര ഒന്നാം റാങ്ക് നേടി

കേരള സർവകലാശാല ജൂണിൽ നടത്തിയ എം.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (സി.എസ്.എസ് - 2014-16 ബാച്ച്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. മീര സി (രജി.നം. ENG 140506) ഒന്നാം റാങ്ക് നേടി.

## എം.എസ്‌സി ജെനറ്റിക്സ് ആൻഡ് പ്ലാന്റ് ബ്രീഡിംഗ് ഫലം : ഒന്നാം റാങ്ക് നമിതയ്ക്ക്

**കേരള സർവകലാശാല ജൂണിൽ നടത്തിയ എം.എസ്‌സി ജെനറ്റിക്സ് ആൻഡ് പ്ലാന്റ് ബ്രീഡിംഗ് (സി.എസ്.എസ് - 2014-16 ബാച്ച്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. നമിത എൽ.എച്ച് (രജി.നം. BOT 140508) ഒന്നാം റാങ്ക് നേടി.**

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
25.10.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**